# ACADEMIC MASTER PLAN

# 2025-2026




# H.C.C.G.U.P.S

## CHERALAYAM

# ആമുഖം

## സ്ക്കൂളിന്റെ പൊതു ചിത്രം

ചിറളയം കൊട്ടാരത്തിന്റെ പൗരാണികതയും പ്രൗഢിയും ഉയർത്തിപ്പിടിച്ച് കുന്നംകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് എച്ച്.സി.സി.ജി.യു.പി. സ്കൂൾ. സ്കൂളിനോട് ചേർന്ന് അധികം ദൂരത്തല്ലാതെ രണ്ട് ഹൈസ്കൂളുകളും ഒരു എൽ.പി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. പാരമ്പര്യമുള്ള വിവിധങ്ങളായ ദൈവാലയങ്ങൾ സ്കൂളിനു ചുറ്റിലുമുണ്ട്. സ്കൂളിനും പരിസരങ്ങൾക്കുമെല്ലാം ഒരു ആത്മീയ പരിവേഷമുണ്ട്. 1888 സ്ഥാപിതമായ ഈ സ്കൂളിന്റെ തൊട്ടടുത്താണ് പഴയഅങ്ങാടി, നടുപന്തി, കുരിശാകൃതിയിലുള്ള റോഡുകൾ ഇവ സ്കൂളിന്റെ പരിസരത്തുള്ള എടുത്തുപറയാവുന്ന കാഴ്ചകളാണ്.

വിദ്യാലയത്തെ മികവിന്റെ പാതയിലേക്ക് നയിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഓരോ അക്കാദമികവർഷത്തിലും വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ഉന്നതനിലവാരത്തിലേക്കുയരുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാനേജ്മെന്റിന്റെ സഹായത്തോടെ പുതിയ കെട്ടിടം പണിതീർക്കുന്നതിന് സാധിച്ചു. നല്ലവിദ്യാഭ്യാസം തേടി നാനാഭാഗങ്ങളിൽനിന്ന് ഈ വിദ്യാലയത്തിലെത്തുന്ന ആയിരത്തിൽപരം വിദ്യാർത്ഥികളിൽ പകുതിയിലധികം പേരും പിന്നോക്കാവസ്ഥയിലുള്ളവരാണ്. അതിനാൽ തന്നെ നിരവധിപേരുടെ സഹായവും പിൻതുണയും ഈ വിദ്യാലയത്തിന് ആവശ്യമുണ്ട്.

മാനേജ്മെന്റിന്റെയും സ്റ്റാഫിന്റെയും ഒറ്റക്കെട്ടായുള്ള പ്രവർത്തനം ഈ വിദ്യാലയത്തിനൊരു മുതൽക്കൂട്ടാണ്. സർവ്വപിൻതുണയും നൽകി സ്കൂളിനെ എപ്പോഴും താങ്ങുന്ന എസ്.എസ്.ജി.,പി.ടി.എ. ഹോളിവിങ്ങ്സ് സംഘടനകൾ ഈ വിദ്യലയത്തിന്റെ കരുത്തുറ്റ ഊർജ്ജ സ്രോതസ്സാണ്.

നല്ല നാളേക്ക് ഭാവി വാഗ്ദാനങ്ങളെ കരുപിടിപ്പിക്കുന്നതിൽ എപ്പോഴും ഒരു ചുവടുമുന്നിലേക്ക് എന്ന കർമ്മപദ്ധിയുമായി എച്ച്.സി.സി. ഇനിയും ഉയരങ്ങളിലേക്ക് ഉയരട്ടെ.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ ഉറപ്പുവരുത്തുക.
- എല്ലാകുട്ടികൾക്കും മലയാളം ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
- കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികൾ സംജാതമാക്കുക
- വിവിധങ്ങളായ കലകളെ അറിയുന്നതിനും, അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരമൊരുക്കുക
- സാഹിത്യ കാലാവാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക. സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരിക അവബോധം വളർത്തുക
- പഠനേട്ടം ഉറപ്പുവരുത്തുന്നതിന് പഠനവിഭവങ്ങൾ പ്രയോജനപ്പെടുവാനുള്ള അവസരങ്ങൾ നൽകുക
- ആരോഗ്യകരമായ ജീവിത ശീലങ്ങളും മനോഭാവങ്ങളും വളർത്തുക
- കുട്ടികളുടെ കായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുക
- വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക
- കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തുക
- നിരന്തരവും, സമഗ്രവുമായവിദ്യാർത്ഥികളുടെ പഠനവളർച്ചയുടെ ഘട്ടങ്ങൾ രക്ഷിതാകളെ അറിക്കുക.
- പഠനം ആയാസരഹിതവും ആഹ്ലാദകരവുമാക്കുവാൻ ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തുക
- പ്രകൃതി സംരക്ഷണം പരിസര ശുചിത്വം ,വ്യക്തി ശുചിത്വം തുടങ്ങിയവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.
- ജീവിത നൈപുണി ശീലങ്ങൾ വളർത്തിയെടുക്കുക
- പൊതുസ്ഥാപനങ്ങൾ ഉപയോഗിക്കാനും സംരക്ഷിക്കാനുമുള്ള ചുമതല ഓരോരുത്തർക്കും ഉണ്ടെന്ന വിശ്വാസം സൃഷ്ടിക്കുക.
- കുട്ടികളുടെ വ്യക്തപരവും കുടുംബപരവുമായ പശ്ചാത്തലം മനസ്സിലാക്കുക
- മാതാപിതാക്കളോടും, സമൂഹത്തോടും സ്നേഹവും സൗഹാർദ്ദപരമായ ബന്ധം സ്ഥാപിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക
- സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള ബോധം നൽകുക
- ശാസ്ത്രീയ അഭിരുചിവളർത്തുകയും ശാസ്ത്രീയാവബോധം സൃഷ്ടിക്കുകയും ചെയ്യുക
- സാമൂഹ്യശാസ്ത്ര പരമായ മേഖകളിൽ അറിവുനേടുകയും അറിഞ്ഞ അറിവിനെ പ്രയോഗിക്കുകയും ചെയ്യുക

# ACADEMIC MASTER PLAN
## ENGLISH

| Programme | Activity | Duration | Source | Support |
|---|---|---|---|---|
| Speak English Language | ➢ Introduction question<br>➢ Participate in school assembly<br>➢ Games (CSWN)<br>➢ English Speaking Day<br>➢ Balasabha in English<br>➢ Speech competition | June-August | Books, Newspaper, videos | PTA |
| Listening and comprehending English | ➢ Listen stories using picture<br>➢ Identity the characters<br>➢ Reciting songs using ICT(CSWN)<br>➢ Hear TV news and conduct quiz<br>➢ Setting Language lab<br>➢ Talk by teachers | June - September | Story, books, Library, videos, TV, Language lab | Class Teacher PTA |
| Read English fluently | ➢ Picture reading (CSWN)<br>➢ Read library books<br>➢ Read English articles in assembly<br>➢ Reading competition<br>➢ Read word card and sentence card<br>➢ Wall painting (CSWN) | October - March | Library, magazine, class text | Class teacher, PTA, Headmistress |
| Writing English | ➢ Copy books to improve handwriting | June to March | Library pictures, magazine | PTA, Class Teacher |

| | | | | |
|---|---|---|---|---|
| | ➢ Write short stories and poems, presentation in Balasabha<br>➢ Picture description<br>➢ Write a short note about a topic<br>➢ Write conversation thoughts, riddles etc. | | | |
| Develop creative thinking | ➢ Conduct English fest<br>➢ Class magazine<br>➢ Make stories and rhymes<br>➢ Poster greeting card<br>➢ Model class by experts<br>➢ Puppetry show | January to March | Class text story books Poster | PTA Class teacher, Headmistress |

# മലയാളം-അക്കാദമിക മാസ്റ്റർ പ്ലാൻ

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| 1. ഭാഷാനൈപുണികൾ വളർത്തുന്നതിന് അനുയോജ്യമായ വിധം വിദ്യാലയവും പരിസരവും മോടിപിടിക്കൽ | ➢ ക്ലാസ്സ് റൂം ചുമരുകളിൽ അക്ഷരമാല<br>➢ കവികളുടെ ചിത്രങ്ങളും പേരും ചുമരിൽ തൂക്കുന്നു<br>➢ സൂചനാ ബോർഡുകൾ, പ്ലക്കാർഡുകൾക്ക് പരിസരത്ത് സ്ഥാപിക്കുന്നു<br>➢ കഥാചിത്രങ്ങൾ മതിലിലും, ചുമരിലും പെയിന്റ് ചെയ്യുന്നു.<br>➢ കഥാപൂരണ മത്സരങ്ങൾ നടത്തുന്നു | ഏപ്രിൽ - മെയ്<br>ജൂൺ - ജൂലായ്<br>ജൂലായ് - ആഗസ്റ്റ്<br>സെപ്റ്റംബർ - ഒക്ടോബർ<br>ജനുവരി, ഫെബ്രുവരി, മാർച്ച് | (ഐ.സി.ടി) | മാനേജ്മെന്റ്<br>പി.ടി.എ<br>യു ആർ സി<br>കോർപ്പറേഷൻ |
| 2. സ്വതന്ത്രവായനക്ക് അവസരം നൽകൽ | ➢ അസംബ്ലിയിൽ പുസ്തകം പരിചയപ്പെടൽ, കഥ പറയൽ<br>➢ 1,2 ക്ലാസ്സുകളിൽ വാരത്തകൾ, വിവരണങ്ങൾ പങ്കുവെയ്ക്കുന്നു<br>➢ പുസ്തക സ്റ്റാന്റ്<br>➢ വായനാക്കുറിപ്പിന് സമ്മാനം<br>➢ 3,4 ക്ലാസ്സുകളിൽ കഥ പൂർത്തിയാക്കൽ, ലഘു വിവരണങ്ങൾ സ്വന്തം ഭാഷയിൽ എഴുതുന്നു<br>➢ ചിത്രങ്ങളും വാക്യങ്ങളും യോജിപ്പിക്കുന്നു<br>➢ ലൈബ്രറിയിലേക്ക് ജന്മദിന സമ്മാനം പുസ്തകം<br>➢ വായനാ മത്സരങ്ങൾ<br>➢ പുസ്തക പ്രദർശനം<br>➢ ചിത്രങ്ങൾക്കിടയിൽ വാക്കുകൾ ലഭ്യമാക്കൽ | ജൂൺ<br>ആഗസ്റ്റ്<br>വർഷം മുഴുവൻ<br>ജനുവരി | ക്ലാസ്സ് ലൈബ്രറി<br>ബുക്ക് സ്റ്റാൾ<br>ഐസിടി | അധ്യാപകർ<br>പി ടി എ |
| 3. ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ➢ പ്രീ ടെസ്റ്റ്<br>➢ അക്ഷര കാർഡ്<br>➢ അക്ഷരപ്പാട്ട്<br>➢ അക്ഷരമാല നിർമ്മാണം<br>➢ പിന്നോക്കക്കാർക്ക് പ്രത്യേക പരിശീ | ജൂൺ - ആഗസ്റ്റ്<br>ജൂൺ - ഡിസംബർ | പുസ്തകങ്ങൾ<br>വീഡിയോ | |

| | | | | |
|---|---|---|---|---|
| | ലനം/ശ്രദ്ധ<br>➢ അക്ഷരപൂന്തോട്ടം<br>➢ അക്ഷര മരം<br>➢ 1, 2 ക്ലാസ്സിലെ കുട്ടികൾക്ക് ആദരണമണിയിക്കൽ<br>➢ 3,4 ക്ലാസ്സിലെ കുട്ടികൾക്ക് പ്രസംഗം, ലഘുനാടകം,കഥ,കവിത എഴുത്ത്<br>➢ വാക്കുകൾ ചേർത്ത് വാക്യം നിർമ്മിക്കൽ<br>➢ കഥ പറയൽ, കഥ എഴുതൽ | സെപ്റ്റംബർ - ഒക്ടോബർ<br><br>ഡിസംബർ - ജനുവരി | ഐ.ഇ.ഡി. ട്രെയിനർ<br><br>സി.ഡി. | പി.ടി.എ.<br><br>ബി ആർ സി |
| 4. | വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നതിനും പുതിയ സൃഷ്ടികളിൽ ഏർപ്പെടുന്നതിനും പരിശീലനം നൽകൽ | ➢ കവികളെയും സാഹിത്യകാരന്മാരെയും നേരിൽ കാണുന്നതിന്<br>➢ നൃത്തം, നാടകം, കഥാപ്രസംഗം എന്നിവയിൽ പരിശീലനം നൽകുന്നു<br>➢ ടി.വി, റേഡിയോ അവതരണം<br>➢ ഭാഷോത്സവം<br>➢ 1,2 ക്ലാസ്സുകളിൽ ബാലസഭ<br>➢ 3,4 ക്ലാസ്സുകളിൽ ക്ലാസ്സ് തല അസംബ്ലി, പ്രസംഗ മത്സരം | ജൂൺ - ജൂലായ്<br><br>വർഷം മുഴുവൻ<br><br>ഡിസംബർ മുതൽ | ഐ.സി.ടി.<br><br>സി ഡി | പി ടി എ<br><br>കോർപ്പറേഷൻ<br><br>യു ആർ സി, പിടിഎ |
| 5. | ഭാഷാപരമായ സർഗ്ഗാത്മിക ശേഷി വർധിപ്പിക്കുന്നതിന് | ➢ വായനാമത്സരം<br>➢ കഥാമത്സരം<br>➢ വില്ലേജ് ലൈബ്രറി<br>➢ വായനോത്സവം<br>➢ കഥപൂർത്തിയാക്കൽ<br>➢ ദിനാചരണങ്ങൾ<br>➢ ക്ലാസ്സ് മാഗസിൻ<br>➢ കൈയ്യെഴുത്തു മാസിക<br>➢ ഓണം, ക്രിസ്മസ്സ്, പാചക കുറിപ്പ്, പതിപ്പ് നിർമ്മാണം<br>➢ പത്രവായന<br>➢ ക്വിസ്സ് പ്രോഗ്രാം<br>➢ ഭാഷോത്സവം<br>➢ ഷോർട്ട് ഫിലിം, മൈം | ജൂൺ<br><br>ഓരോ ടേമിലും | വീഡിയോ | വില്ലേജ്, ലൈബ്രറി<br><br>യു.ആർ.സി.<br><br>ഹെഡ്മിസ്ട്രസ്സ്, പിടിഎ |

# അക്കാദമിക മാസ്റ്റർ പ്ലാൻ-ഗണിതം

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | സമയപരിധി | ഭൗതിക സാഹചര്യങ്ങൾ | പിന്തുണ |
|---|---|---|---|---|
| 1. സംഖ്യാ ബോധം ഉറപ്പിക്കൽ | ➢ സംഖ്യ കാർഡ് കളി<br>➢ അബാക്കസ് നിർമ്മാണം<br>➢ സംഖ്യാ പാറ്റേൺ<br>➢ മഞ്ചാടി, മുത്ത് ഉപയോഗിച്ച് ഗ്രൂപ്പ് കളികൾ<br>➢ സംഖ്യാ റിബൺ നിർമ്മാണം | ജൂലായ്<br>ആഗസ്റ്റ്<br>ജൂലായ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ | ഗണിത ലാബ്<br>ഗണിത കോർണർ<br>ഗണിതകിറ്റ് | എസ് എസ് എ<br>പി ടി എ<br>എം പി ടി എ<br>ഒ എസ് എ |
| 2. ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | ➢ വസ്തുക്കൾ ഉപയോഗിച്ച്<br>➢ കളി നോട്ടുകൾ ഉപയോഗിച്ച്<br>➢ വർക്ക് ഷീറ്റ് ചെയ്യിച്ച്<br>➢ ഐ.സി.ടി ഉപയോഗിച്ച് | ജനുവരി<br>ഫെബ്രുവരി<br>ഫെബ്രുവരി<br>മാർച്ച് | വർക്ക് ഷീറ്റ്<br>കളി നോട്ട് ശേഖരണം<br>ഐസിടി | എസ് എസ് എ<br>പി ടി എ<br>സ്പോൺസർ |
| 3. ഗണിതരൂപങ്ങൾ തിരിച്ചറിയുന്നു പട്ടികപ്പെടുത്തുന്നു | ➢ ഗണിതരൂപങ്ങളുടെ പ്രദർശനം<br>➢ ഗണിതരൂപങ്ങളുടെ മാതൃക നിർമ്മിക്കൽ<br>➢ ഐസിടി ഉപയോഗിച്ച് ത്രിമാന മാതൃകകൾ പരിശീലിപ്പിക്കൽ<br>➢ പൂന്തോട്ട ത്രിമാന മാതൃകകൾ പ്രദർശനം<br>➢ ടാൻഗ്രാം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ചുമർചിത്രം<br>ഐ.സി.ടി<br>ഗണിതപൂന്തോട്ടം | എസ്എസ്എ<br>പി ടി എ |
| 4. സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നം പരിഹരിക്കൽ | ➢ ക്ലോക്ക് നിർമ്മാണം<br>➢ സമയം എഎം, പിഎം എന്നിങ്ങനെ പറയുന്നു<br>➢ മണിക്കൂർ,മിനിറ്റ്, സെക്കന്റ് എന്ന രീതിയിൽ പറയിക്കുന്നു<br>➢ ഐസിടി സാധ്യതകൾ ഉപയോഗിച്ച് സമയം പറയിക്കുന്നു | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ | ഗണിതലാബ്<br>ഐസിടി | പിടിഎ<br>എസ്എസ്എ |
| 5. സൂക്ഷ്മതയോടും കൃത്യതയോടും അളക്കുന്നതിന് | ➢ ഡസ്ക്ക്, ബഞ്ച്, ടേബിൾ എന്നിവയുടെ നീളങ്ങൾ അളക്കുന്നു<br>➢ ഗണിത കോർണർ ക്ലാസ്സ് തലത്തിൽ ഒരുക്കുന്നു<br>➢ അളവു പാത്രങ്ങൾ പരിചയപ്പെടുത്തുന്നു<br>➢ വിവിധ തരം അളവുകൾ (നീളം,ഉള്ളളവ്, ഭാരം) കണ്ടെത്തി പട്ടികപ്പെടുത്തുന്നു | നവംബർ<br>നവംബർ<br>നവംബർ<br>ഡിസംബർ | ക്ലാസ്സ് റൂം<br>ഗണിത കോർണർ<br>ചുമർ പെയിന്റിംഗ് | എസ് എസ് എ<br>പിടിഎ<br>എംപിടിഎ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – EVS

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനങ്ങൾ | സമയപരിധി | ഭൗതിക സാഹചര്യങ്ങൾ | പിന്തുണ |
|---|---|---|---|---|
| 1. പരിസര പഠനത്തിൽ കൗതുകവും താൽപര്യവും | ➢ പ്രീ- ടെസ്റ്റ് നടത്തുന്നു<br>➢ ചിത്രങ്ങൾ, വീഡിയോ ക്ലിപ്പുകൾ<br>➢ സ്കിറ്റുകൾ, ഗാനങ്ങൾ<br>➢ ഡിജിറ്റലൈസേഷൻ<br>➢ അനുബന്ധ പഠന സാമഗ്രികൾ<br>➢ പഠനയാത്ര<br>➢ ദിനാചരണങ്ങൾ<br>➢ ശാസ്ത്രലാബ് സന്ദർശനം<br>➢ ഗ്ലോബ്, സൗരയൂഥം, ജീവജാല നിർമ്മാണം | ജൂൺ<br>ജൂലൈ | ഐസിടി<br>ലാബ്<br>മോഡൽ | എച്ച് എം<br>പി.ടി.എ.<br>കൗൺസിലർ |
| 2. പ്രകൃതി വിഭവ സംരക്ഷണം (ജലം) | ➢ ഡോക്യുമെന്ററി പ്രദർശനം<br>➢ ജലസ്രോതസ്സ് സന്ദർശനം<br>➢ ബോധവൽക്കരണ ക്ലാസ്സ്<br>➢ വീടു സന്ദർശനം<br>➢ സെമിനാർ<br>➢ പോസ്റ്റർ നിർമ്മാണം<br>➢ മരങ്ങൾ നടൽ<br>➢ മഴക്കുഴി, കിണർ റീച്ചാർജ്ജിംഗ് പരിചയപ്പെടുത്തൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഐസിടി<br>വൃക്ഷതൈകൾ | കൗൺസിലർ<br>കൃഷിഭവൻ |
| 3. പരിസ്ഥിതി സൗഹൃദ മനോഭാവം | ➢ സസ്യ ജീവജാലങ്ങൾ തരം തിരിക്കൽ<br>➢ കുളം, പാടം സന്ദർശനം<br>➢ ആവാസ വ്യവസ്ഥ വ്യതിയാനം വീഡിയോ ക്ലിപ്പിലൂടെ<br>➢ ചുമർ പെയിന്റിങ്ങ്<br>➢ ജൈവ വൈവിധ്യ പാർക്ക്<br>➢ അക്വേറിയം<br>➢ ഔഷധത്തോട്ടം നിർമ്മാണം | ആഗസ്റ്റ് മുതൽ മൂന്ന് മാസം | ഐസിടി<br>പെയ്ന്റിംഗ്<br>അക്വേറിയം | ഒ എസ് ഇ<br>എസ് എസ് എഫ്<br>യു ആർ സി |
| 4. നാനാത്വത്തിൽ ഏകത്വം | ➢ ഭൂപട വായന<br>➢ വിവര ശേഖരണം<br>➢ കവിതാവതരണം<br>➢ ഭാഷ,വേഷം,കല,വീഡിയോ ക്ലിപ്പ്<br>➢ പട്ടികപ്പെടുത്തൽ മുദ്ര, ഗാനം, ചിഹ്നം | ആറ് മാസം | ഐ സി ടി<br>ഭൂപടം<br>ചിത്രങ്ങൾ | എച്ച് എം<br>ഒ എസ് എ |

| | | | | |
|---|---|---|---|---|
| | ➢ ദേശീയ ഗാനാലാപനം<br>➢ ദേശീയ പതാക നിർമ്മാണം<br>➢ ദിനാചരണം<br>➢ ദേശീയ മുദ്ര പരിചയപ്പെടൽ<br>➢ നാണയം, സ്റ്റാമ്പ് ശേഖരണം | | പതാക<br>നാണയം<br>സ്റ്റാമ്പ് | പി ടി എ |
| 5. പ്രഥമ ശുശ്രൂഷ | ➢ വാർത്താക്കുറിപ്പ്<br>➢ അപകട സന്ദർഭങ്ങൾ പട്ടികപ്പെടുത്തൽ<br>➢ അഭിമുഖം (ഡോക്ടർ, നഴ്സ്)<br>➢ സ്കിറ്റ്<br>➢ ബോധവൽക്കരണ ക്ലാസ്സ് (ഡോക്ടർ)<br>➢ ആശുപത്രി സന്ദർശനം<br>➢ ഫസ്റ്റ് എയ്ഡ് ബോക്സ് നിർമ്മാണം<br>➢ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | ഒക്ടോബർ മുതൽ മാർച്ച് വരെ | പത്രം<br>ഐ സി ടി<br>ഫസ്റ്റ് എയ്ഡ് ബോക്സ് | ഹെൽത്ത് ഡിപ്പാർട്ട്മെന്റ്<br>ഡോക്ടർ<br>ഒ എസ് എ |
| 6. വ്യക്തിശുചിത്വവും സാമൂഹ്യ ശുചിത്വവും | ➢ ചർച്ച<br>➢ വീഡിയോ ക്ലിപ്പിങ്ങ്<br>➢ വിവരണ ശേഖരണം<br>➢ അഭിമുഖ സംഭാഷണം<br>➢ ബോധവൽക്കരണ ക്ലാസ്സ്<br>➢ ലൈബ്രറി<br>➢ പോസ്റ്റർ നിർമ്മാണം<br>➢ യോഗാഭ്യാസനം<br>➢ വ്യായാമം പരിശീലിക്കൽ<br>➢ ഹരിത പദ്ധതി | വർഷം മുഴുവൻ | ഐസിടി<br>പേപ്പർ, പേന | ഹെൽത്ത് ക്ലബ്ബ് അംഗം<br>റിട്ടയേർഡ് സ്റ്റാഫ്<br>ലോക്കൽ മാനേജ്മെന്റ് |

# ACADEMIC MASTER PLAN

## STD : 1

## ENGLISH

| OBJECTIVES | ACTIVITIES | Date/Month of completion |
|---|---|---|
| All learners get interested in English learning | Simple rhymes with actions | |
| All engage in games and group level activities | Each class should start with a simple game | |
| Listen to narratives & Teacher talks and show signs of understanding verbally. | All the instructions should be in english | |
| Able to comprehend the instructions of the teacher and respond accordingly (Physical responses) | Always interact with the children in English, Permissions, Game instructions | June<br>March |
| Familiarise with English words denoting vechicles, animals and birds. | Word games, making word strips, and sentence strip, picture cards. | |
| Alllearners are able to associate the elicited text with those in the textbook. | Chain reading, echo reading, finding words from the text book, teacher writes a word on the board and ask the children to find it out from the text book. | |

| OBJECTIVE | ACTIVITIES | Date/Month of completion |
|---|---|---|
| Familiarise with words denoting possession (has/have) | Daily conversations, skit | |
| Familiarise with phatic communication expressions such as, Hello, I'm sorry, Thank you, Bye etc | Take make situations to communicate in the class rooooms | |
| Able to descibe familiar objects orally stating physical attibutes such as size, colour etc. | Say something about the objects, Write simple sentences, description | |
| Familiarise with words denoting colour and numbers (1-10) Familiarise with the rhythm and pattern of songs. | Songs related to the colours and numbers | June<br>March |
| Able to add own lines to a given song by subtitutig words/ phrase. | Action songs | |
| Able to read conversations, songs & simple desciptions graphically. | Play, simple action songs, choregraphy, familiar colours, size, Vocabulary games | |
| Construct dialogues related to specific contexts using fragentary expressions or mixed with the mother tongue | Speech bubbles on the big plactions | |
| Speaks english | TPR activities, Presentation in class PTA, Assembly | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എയ്റോബിക് എക്സർസൈസ് പരിശീലനം (ഹൃദയ ശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി) | ജൂൺ 1 മുതൽ ഫെബ്രുവരി 21 വരെ | ജൂൺതല സമിതികൾ | വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്പോൺസേഴ്സ് | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കൂ |
| | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രാണയാമ (Breathing Exercise) പരിശീലനം | | | | |
| | ആരോഗ്യ കായിക വിദ്യാഭ്യാസം | തിരഞ്ഞെടുത്ത ഒരു ഗെയിം പരിശീലനം | | | | |

# ACADEMIC MASTER PLAN
# ENGLISH

| Problems | Activities | Period | Economic | Agency |
|---|---|---|---|---|
| Teaching Difficulties | - Classes in the target language for teachers<br>- Workshop for teachers by language experts<br>- Workshop for teachers on teaching learning materials | | 1000/- | Expert Teacher |
| Defective Pronounciation Of Children | - Audio, video clipping on correct pronunciations<br>- Classes on phonetics by experts<br>- ICT facilities<br>- Language lab<br>- Readers Theature | | 2000/- | English Teacher |
| Lack Of Comminication Skill | - Dramatisation of stories and enacting them<br>- Conducting debates and seminars<br>- Conducting English Fest<br>- Theater work shop<br>- Language lab<br>- Formation of English club<br>- English assembly<br>- Spoken English period and activities for learners<br>- Developing translation skills | | 5000/- | English Teacher |
| Slow Learners In English Class | - TM and TLM for lesarers<br>- Special coaching classes for slow learners<br>- Conducting action research on slow learners | | 1000/- | Teachers |
| Support To Gifted Children | - Special coaching classes for gifted children using<br>- English library for them<br>- English book exbhition<br>- Classes on creative writing | | 1000/- | Language Experts |

# മലയാളം - അക്കാദമിക മാസ്റ്റർ പ്ലാൻ

| | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാ നൈപുണികൾ വളർത്തുന്നതിന് അനുയോജ്യമായ വിധം വിദ്യാലയവും പരിസരവും മോടിപിടിക്കൽ | • ക്ലാസ്സ് റൂം ചുമരിൽ അക്ഷരമാല സജ്ജീകരിക്കുന്നു<br>• കവികളുടെ ചിത്രങ്ങളും പേരും ചുമരിൽ തൂക്കുന്നു.<br>• സൂചനാ ബോർഡുകൾ ഫ്ലക്കാർഡുകൾ സ്ഥാപിക്കുന്നു<br>• കഥാചിത്രങ്ങൾ ക്ലാസ്സിൽ സ്ഥാപിക്കുന്നു<br>• കഥാപൂരണ മത്സരങ്ങൾ നടത്തുന്നു<br>• കവിതാ മത്സരങ്ങൾ നടത്തുന്നു. | ഏപ്രിൽ-മെയ്<br>ജൂൺ-ജൂലായ്<br>ജൂലായ്-ആഗസ്റ്റ്<br>സെപ്റ്റംബർ-ഒക്ടോബർ<br>നവംബർ-മാർച്ച് | ഐ.സി.ടി | മാനേജ്മെന്റ്<br>പി.ടി.എ<br>മുൻസിപ്പാലിറ്റി |
| 2 | സ്വതന്ത്ര വായനക്ക് അവസരം നൽകൽ | • അസംബ്ലിയിൽ പുസ്തകം പരിചയപ്പെടൽ, കഥപറയൽ<br>• വായനമൂല സജ്ജീകരിക്കുന്നു<br>• വായനാക്കുറിപ്പ് മത്സരം<br>• ജന്മദിനത്തിൽ ലൈബ്രറിയിലേക്ക് പുസ്തകം സമ്മാനം<br>• പുസ്തക പ്രദർശനം<br>• വായനാ മത്സരം | ജൂൺ-ജൂലായ്<br>ആഗസ്റ്റ്<br>വർഷം മുഴുവൻ<br>ഒക്ടോബർ | ക്ലാസ്സ് ലൈബ്രറി<br>ഐ.സി.ടി | അധ്യാപകർ<br>പി.ടി.എ |
| 3 | ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരമാല നിർമ്മാണം<br>• അക്ഷര കാർഡ്<br>• കഥ പറയൽ<br>• പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം<br>• ലഘു നാടകം കഥ, കവിത എഴുത്ത് | ജൂൺ-ആഗസ്റ്റ്<br>സെപ്റ്റംബർ-ഡിസംബർ<br>ജൂൺ-ഡിസംബർ<br>ഡിസംബർ-മാർച്ച് | ഐ.ഇ.ഡി ട്രെയിനർ | അധ്യാപകർ<br>ബി.ആർ.സി<br>പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 4 | വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നതിനും സൃഷ്ടികളിൽ ഏർപ്പെടുന്നതിനും പരിശീലനം നൽകൽ | • കവികളിലെ പരിചയപ്പെടൽ<br>• പുഷ്പോത്സവം സംഘടിപ്പിക്കുന്നു<br>• നാടകം, കഥ, കവിത, നാടൻ പാട്ട്, ആസ്വാദനക്കുറിപ്പ് എന്നിവയിൽ പരിശീലനം നൽകുന്നു.<br>• ഭാഷോത്സവം<br>• പഴയകാലവിഭവ ഭക്ഷ്യമേള | ജൂൺ-ജൂലായ്<br><br>വർഷം മുഴുവൻ<br><br>ഒക്ടോബർ | ഐ.സി.ടി | പി.ടി.എ<br><br>മുൻസിപ്പാലിറ്റി<br><br>പി.ടി.എ |
| 5 | ഭാഷാപരമായ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിന് | • ദിനാചരണങ്ങൾ<br>• വായനാമത്സരം<br>• കഥാമത്സരം<br>• വായനോത്സവം<br>• ക്ലാസ്സ് മാഗസിൻ<br>• പത്രവായന<br>• പുസ്തകാസ്വാദനം<br>• ക്വിസ്സ് പ്രോഗ്രാം<br>• ഷോർട്ട്ഫിലിം | ഓരോ മാസവും<br><br>നവംബർ<br><br>ഓരോ മാസവും | വീഡിയോ | യു.ആർ.സി<br><br>ഹെഡ്മിസ്ട്രസ്സ്<br><br>പി.ടി.എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ......... ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രവാശ്യം | ഗണിത അധ്യാപകൻ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പി.ടി.എ. |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | പിടിഎ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | | | |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായി കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ് ആർ ജി | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1) പരീക്ഷണങ്ങളെ നിത്യ ജീവിതത്തിൽ പരിചമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br>* ശാസ്ത്ര കിറ്റുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് | |
| 2) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | * വിസ്മയയാത്ര ഐ.സി.ടി. യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം<br>* ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു. പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3) ശാസ്ത്രാവബോധം വളർത്തുക | • ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| | | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 4. ശാസ്ത്രമാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | • കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ശാസ്ത്രാധ്യാപകർ | |
| 5. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | • സ്കൂൾതല എക്സിബിഷൻ<br>• ശാസ്ത്രമേളകളിൽ പങ്കെടുക്കുന്ന കുട്ടികളെ പരിശീലിപ്പിക്കൽ | അക്കാദമികം വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| • പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നീ പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുന്നതിനുള്ള വീഡിയോ കാണിക്കുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • പരിസ്ഥിതി സംരക്ഷണം | പരിസ്ഥിതി റാലി, ക്വിസ്, പോസ്റ്റർ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപയോഗിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, മാപ്പുകൾ തുടങ്ങിയവ ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ | ക്ലാസ്സിലെ ബുള്ളറ്റിൻ ബോർഡിൽ സാമൂഹ്യ ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • സഹജീവികളോട് സമഭാവന വളർത്തുക | കുട്ടികൾ ശേഖരിച്ച നിത്യോപയോഗ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് നൽകുക | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കൽ | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ | ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവൽക്കരണക്ലാസ്സ്, ലഹരി വിരുദ്ധ നാടകം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | സാമൂഹ്യപ്രാധാന്യമുള്ളസ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുന്നു, ഐ.സി.ടി. സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ വിദ്യാർത്ഥികള അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ക്വിസ് പരിപാടികൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | ഭൂപട വായന, സാമൂഹ്യ ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട മാതൃകകൾ, ആൽബങ്ങൾ തയ്യാറാക്കൽ [കലാരൂപങ്ങൾ സ്വാതന്ത്ര്യസമര നേതാക്കൾ, പഴയ കാല ഉപകരണങ്ങൾ etc.] | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അക്ഷരങ്ങളും മാത്രകളും എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | പൂക്കൾ, നിറം, ഫലം, ചിത്രം എന്നിവ നൽകി മനസിലാക്കാൻ അവസരം നൽകുന്നു | ജൂൺ മാസം | ഹിന്ദി അധ്യാപിക | |
| 2. ഹിന്ദി വായന സുഗമമാക്കാനുള്ള രീതികൾ പരിചയ പ്പെടുത്തുന്നു. | പദ്യങ്ങൾ, വായനാകാർഡ് എന്നിവ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് ജൂലൈ മാസം | ഹിന്ദി അധ്യാപിക | |
| 3. മുദ്രാവാക്യം, പോസ്റ്റർ പരിചയപ്പെടുന്നു. | സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ മുദ്രാവാക്യം എന്നിവ നിർമ്മിക്കുന്നു. | ആഗസ്റ്റ് മാസം വർഷത്തിൽ അഞ്ചോ | ഹിന്ദി അധ്യാപിക സമർഥരായ കുട്ടികൾ | ഹിന്ദി ക്ലബ്ബ് |
| 4. ദിനാചരണങ്ങൾ നടത്തുന്നു. | അധ്യാപകദിനം, ഹിന്ദി ദിനം പരിസ്ഥിതി ദിനം | ആറോ വർഷം | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ്ബ് |
| 5. ഹിന്ദി വായന സുഗമമാക്കാനുള്ള രീതികൾ പരിചയ പ്പെടുത്തുന്നു. | ക്ഷണകത്ത് (നിമന്ത്രൺ പത്ര) നോട്ടീസ് സംഭാഷണം എന്നിവ പരിചയപ്പെടുന്നു വായനാ മത്സരം നടത്തുന്നു. | ആവശ്യാനു സരണം | ഹിന്ദി അധ്യാപിക കുട്ടികൾ | |
| 6. ഹിന്ദി ഭാഷയുടെ പ്രാധാന്യം മനസിലാക്കുന്നു | വിശ്വ ഹിന്ദി ദിനം ആചരിക്കുന്നു. പോസ്റ്റർ, പ്ലകാർഡ് എന്നിവ നിർമ്മിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപിക കുട്ടികൾ | ഹിന്ദി ക്ലബ്ബ് |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

| [illegible] | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വ്യക്തിത്വവികസനം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| ആത്മവിശ്വാസം വളർത്തൽ | കഥാകഥനം<br>പ്രസംഗങ്ങൾ<br>പദ്യം ചൊല്ലൽ<br>സർഗമേള<br>റേഡിയോ ക്ലബ്ബ്<br>ബാലസഭ<br>ഇൻലൻഡ് മാഗസിൻ<br>ചുമർപത്രിക<br>പതിപ്പ്<br>സെമിനാർ<br>ചർച്ച<br>ഷോർട്ട് ഫിലിം | ഒരു വർഷം | ഐ.സി.റ്റി. | പി.ടി.എ.<br>എം.പി.ടി.എ<br>ടീച്ചേഴ്സ്<br>ഡാൻസ് ടീച്ചർ<br>മ്യൂസിക് ടീച്ചർ |
| ക്ഷമ, അച്ചടക്കം, ബഹുമാനം മൂല്യങ്ങൾ വളർത്തൽ | യോഗ ക്ലാസ്സ്<br>മാസ് ഡ്രിൽ<br>നീന്തൽ മത്സരങ്ങൾ<br>അച്ചടക്കം മാർക്കിടൽ<br>മുതിർന്നവരെ ബഹുമാനിക്കൽ<br>വീഡിയോ ക്ലിപ്പിങ്ങ് | എല്ലാ ദിവസവും<br>ആഴ്ചയിലൊരിക്കൽ<br>ഏപ്രിൽ മെയ് 1 മണിക്കൂർ | യോഗടീച്ചർ<br>നീന്തൽകുളം<br>ഐ.സി.റ്റി. | പി.ടി.എ.<br>കോർപ്പറേഷൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വ്യക്തിത്വവികസനം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| ആശയ വിനിമയത്തിനുതകുന്ന ഉപാധികൾ നൽകികൊണ്ട് ഭാഷാപഠനം മെച്ചപ്പെടുത്താം | ചിത്രവരയ്ക്കാം ചിത്രവായനയിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷണത്തിൽ മികവ് നൽകാം<br><br>എന്റെ അവധിക്കാലം പറിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത,യാത്രാനുഭവം, അനുഭവക്കുറിപ്പ്..) അവതരിപ്പിക്കൽ<br><br>ഭാഷകേളി : അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ച് വരുന്നവരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്താം. വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷര കാർഡ്,വായനാകാർഡ് | ജൂൺ<br><br>2 മാസം | മലയാളം അധ്യാപിക | |
| മികച്ച ശ്രവണാനുഭവങ്ങൾ ഒരുക്കി ശ്രവണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ<br><br>ആഴത്തിലുള്ള വായനയിലേക്ക് കുട്ടികളെ വിവിധ തന്ത്രങ്ങളിലൂടെ (നാടകം, സിനിമ,ക | കവിതാലാപനം : ഈണത്തിലും, താളത്തിലും കവിതചൊല്ലി അവതരിപ്പിക്കൽ.<br><br>കവിതയുടെ കേന്ദ്രാശയത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്ന ചോദ്യങ്ങൾ തയ്യാറാക്കി അവതരിപ്പിക്കൽ<br><br>നാടകം കളിക്കാം : വായിച്ച കഥ, കവിത,ലേഖനത്തെ മറ്റൊരു രൂപത്തിലാക്കൽ, വാർത്തവായന, ക്രിസ്മത്സരങ്ങൾ, പത്രവായന | | | |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| ഗ,കവിത,കഥാപ്രസംഗം) പങ്കാളിയാക്കൽ<br><br>സാഹിത്യകലാ പ്രവർത്തനങ്ങളിലൂടെ ഭാഷാപരമായ പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിൽ അഭിരുചി വളർത്തുക വഴി സർഗാത്മകത വളർത്തുക | പഴഞ്ചൊൽ വ്യാഖ്യാനം<br><br>ഷോർട്ട് ഫിലിം തയ്യാറാക്കൽ<br>സംവാദം / അഭിമുഖം സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ, എന്നിവരുമായുള്ള അഭിമുഖ സംഭാഷണം, സംവാദങ്ങളും സംഘടിപ്പിക്കൽ.<br><br>ചൊൽക്കാഴ്ചകൾ. ലഘു നാടകങ്ങൾ തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ. വിദഗ്ദരായ കലാകാരന്മാരെ കൊണ്ടുവന്ന് ശില്പശാലകൾ, സെമിനാറുകൾ നടത്തുക<br><br>സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കൽ, സർഗ്ഗോത്സവം<br><br>ക്ലാസ്/സ്കൂൾ/വീട് ലൈബ്രറി സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പുസ്തകളുടെ ഉപയോഗം ഫലപ്രദമാക്കുക. | 3 മാസം | മലയാളം അധ്യാപിക | |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| കാരുണ്യ പ്രവർത്തനങ്ങൾ | അഗതിമന്ദിര സന്ദർശനം | ഒരു ദിവസം | ഡോക്ടേഴ്സ് | പൂർവ്വവിദ്യാർത്ഥികൾ |
| | തയ്യൽമെഷീൻ വിതരണം | | | |
| | കാർഷിക. തൊഴിലുപകരണ വിതരണം. | | നേഴ്സുമാർ | പി.ടി.എ. |
| | വീട് നിർമ്മാണം | | | സ്പോൺസർഷിപ്പ് |
| | നിത്യോപയോഗ വസ്തുക്കളുടെ വിതരണം | | | |
| | ചികിത്സാ സഹായം | | മാനേജർ | |
| | രക്തദാനക്യാമ്പ് | | | |
| | ഡയാലിസിസ് സഹായം | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## കലാകായികം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പഠിതാവിന്റെ നൈസ്സർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ | നാടകാവതരണം (മാസ്ക്)<br>ദിനാചരണങ്ങൾ (ടാബ്ലോ, ചിത്രരചന,പ്രസംഗം)<br>ക്ലാസ്സ് പി.ടി.എ. പ്രവർത്തനങ്ങൾ<br>വിദ്യാലയചുമരുകളിൽ കലാരൂപങ്ങളുടെ പെയിന്റിംഗ്<br>കലാധ്യാപകരുടെ നിയമനം | ഒരു വർഷം | പുസ്തകം<br>ഡോക്യുമെന്ററികൾ<br>ഫീൽഡ് ട്രിപ്പ് | പി.ടി.എ<br>ചിത്രകലാ അധ്യാപകർ<br>എസ്.എസ്.എ |
| വിവിധങ്ങളായ കലകളെ അറിയുന്നതിനും, കുട്ടിയുടെ അഭിരുചിക്ക് അനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക | കലാരൂപങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ<br>ആഘോഷങ്ങൾ, ദിനാചരണങ്ങൾ കലാപരിപാടിക്കുള്ള അവസരം ഒരുക്കൽ | മാസത്തിലൊരിക്കൽ | പത്രമാസികകൾ<br>ലൈബ്രറി<br>ഐ.സി.ടി. | പി.ടി.എ.<br>യു.ആർ.സി<br>എസ്.ആർ.ജി |
| വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജിക്കൽ | കായികാധ്യാപകരുടെ നിയമനം<br>ഗ്രൗണ്ട് ടൈൽ ഇടൽ<br>കായികാഭ്യാസത്തിനുള്ള ഗ്രൗണ്ട് നിർമ്മാണം<br>കായിക വിദ്യാഭ്യാസത്തിനുള്ള ഉപകരണങ്ങൾ, കായിക മത്സരങ്ങൾ | 5 വർഷം | കോർപ്പറേഷൻ സ്പോർട്സ് അതോറിറ്റി | പി.ടി.എ<br>എസ്.എസ്.എ<br>മാനേജ്മെന്റ്<br>അധ്യാപകർ |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| ശരീരത്തെ സർഗാത്മക ചലനങ്ങൾക്കുള്ള ഉപാധിയായി വികസിപ്പിക്കുക | മാസ്സ്ഡ്രിൽ<br>എയ്റോബിക്സ്<br>കായികമത്സരങ്ങൾ<br>കായിക പ്രതിഭകളെ ആദരിക്കൽ<br>കായികപ്രതിഭകളെ ക്കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ | ആഴ്ചയിൽ ഒരിക്കൽ<br>മാസത്തിൽ ഒരിക്കൽ | സ്ഥല സൗകര്യം | അധ്യാപകർ<br>പി.ടി.എ.<br>യു.ആർ.സി |

## ഞാനും എന്റെ ലൈബ്രറിയും:

- കുട്ടികൾ വീടുകളിൽ ലൈബ്രറി ഒരുക്കുന്നു.
- കുട്ടികൾ സ്വന്തം ക്ലാസുകളിൽ ലൈബ്രറി ഒരുക്കുന്നു.
- സ്ക്കൂൾ ലൈബ്രറി കുറച്ചു കൂടി വിപുലമാക്കുന്നു.
- കുട്ടികൾ വീടിനടുത്തുള്ള ഗ്രന്ഥ ശാലയിൽ മെമ്പർഷിപ്പ് എടുക്കുന്നു

